# കേരളത്തിന്റെ ധനകാര്യ ആരോഗ്യ റിപ്പോർട്ട്: കെ. എം. ചന്ദ്രശേഖർ കമ്മിറ്റി വൈറ്റ് പേപ്പറിന്റെ വിമർശനാത്മക വിലയിരുത്തൽ

ഡോ. ജോസഫ് എബ്രഹാം

2026 ജൂൺ 4-ന് കേരള നിയമസഭയിൽ സമർപ്പിക്കപ്പെട്ട *"കേരളത്തിന്റെ ധനകാര്യ ആരോഗ്യം: ഒരു സ്ഥിതിവിവര റിപ്പോർട്ട്"* എന്ന വൈറ്റ് പേപ്പർ, സമീപകാല കേരള ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട ധനകാര്യ നയരേഖകളിലൊന്നായി കണക്കാക്കപ്പെടുന്നു. മുൻ കേന്ദ്രമന്ത്രിസഭാ സെക്രട്ടറി ശ്രീ കെ. എം. ചന്ദ്രശേഖർ അധ്യക്ഷനായ സമിതി തയ്യാറാക്കിയ ഈ റിപ്പോർട്ട്, പുതിയ സർക്കാർ ഏറ്റെടുത്ത കേരളത്തിന്റെ യഥാർത്ഥ ധനകാര്യ അവസ്ഥയെ വസ്തുതാപരമായി ജനങ്ങൾക്കു മുന്നിൽ അവതരിപ്പിക്കുകയാണ് ലക്ഷ്യമിടുന്നത്. വാർഷിക ബജറ്റുകൾ പോലെ വെറും വകയിരുത്തലുകളും വാഗ്ദാനങ്ങളും മാത്രം ചർച്ച ചെയ്യാതെ, കേരളത്തിന്റെ കടബാധ്യത, ധനാഭാവം, ട്രഷറി പ്രവർത്തനങ്ങൾ, കുടിശ്ശികകൾ, KIIFB ബാധ്യതകൾ, പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടങ്ങൾ, ചെലവു മുൻഗണനകൾ, കേന്ദ്ര-സംസ്ഥാന ധനകാര്യ ബന്ധങ്ങൾ എന്നിവയെ ആഴത്തിൽ പരിശോധിക്കുകയാണ് ഈ റിപ്പോർട്ട് ചെയ്യുന്നത്.

## ധനകാര്യ വഴിത്തിരിവിലാണ്

കേരളം ഇന്ന് ഒരു ധനകാര്യ വഴിത്തിരിവിലാണ് എന്നതാണ് വൈറ്റ് പേപ്പറിന്റെ അടിസ്ഥാന വാദം. വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യക്ഷേമം, മനുഷ്യ വികസനം തുടങ്ങിയ മേഖലകളിൽ കേരളം രാജ്യത്തെ മുന്നണി സംസ്ഥാനമായി തുടരുമ്പോഴും, ഈ നേട്ടങ്ങളെ നിലനിർത്താനുള്ള സർക്കാരിന്റെ ധനശേഷി വേഗത്തിൽ ക്ഷയിച്ചുകൊണ്ടിരിക്കുകയാണെന്ന് റിപ്പോർട്ട് മുന്നറിയിപ്പ് നൽകുന്നു. അതിനാൽ, നിലവിലെ ധനകാര്യ ഘടന ഉപയോഗിച്ച് കേരളത്തിന് തന്റെ ക്ഷേമവാഗ്ദാനങ്ങളും വികസന ലക്ഷ്യങ്ങളും ഭാവിയിലും തുടരാനാകുമോ എന്ന അടിസ്ഥാന ചോദ്യത്തിനാണ് ഈ റിപ്പോർട്ട് ഉത്തരമന്വേഷിക്കുന്നത്.

## രൂക്ഷമാക്കി എൽ.ഡി.എഫ്

സ്ഥിരമായ ധനാഭാവം, ഓഫ്-ബജറ്റ് ബാധ്യതകൾ, ബജറ്റ് വിശ്വാസ്യതയിലെ കുറവ്, ഉയർന്ന പത്രിബദ്ധ ചെലവുകൾ എന്നിവയ്ക്കായി മുൻ എൽ.ഡി.എഫ് സർക്കാരിനെ റിപ്പോർട്ട് പ്രധാനമായും ഉത്തരവാദിയാക്കുന്നു. അതേസമയം, കേന്ദ്ര നികുതി വിഹിതത്തിലെ ഇടിവ്, ജിഎസ്ടി നഷ്ടപരിഹാരത്തിന്റെ അവസാനിക്കൽ, കേന്ദ്ര സർക്കാരിന്റെ കടമെടുപ്പ് നിയന്ത്രണങ്ങൾ എന്നിവയും

കേരളത്തിന്റെ ധനകാര്യ പ്രതിസന്ധി രൂക്ഷമാക്കിയതായി റിപ്പോർട്ട് അംഗീകരിക്കുന്നു. അതിനാൽ ഈ റിപ്പോർട്ട് കേരളത്തിന്റെ ധനകാര്യാവസ്ഥയുടെ രോഗനിർണ്ണയവും അതോടൊപ്പം ഘടനാപരമായ പരിഷ്കാരങ്ങളിലേക്കുള്ള ആഹ്വാനവുമാണ്.

സ്ഥിതിവിവര റിപ്പോർട്ടാണിത്

ഈ വൈറ്റ് പേപ്പർ ഒരു ഫോറൻസിക് ഓഡിറ്റോ രാഷ്ടീയ പത്രികാരരേഖയോ അലെന്ന് റിപ്പോർട്ട് തന്നെ വ്യക്തമാക്കുന്നു. മറിച്ച്, സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പാക്കുന്നതിനും സർക്കാരിന് അളക്കാവുന്ന ധനകാര്യ അടിസ്ഥാനരേഖ സൃഷ്ടിക്കുന്നതിനുമായി തയ്യാറാക്കിയ തെളിവാടിസ്ഥാനത്തിലുള്ള സ്ഥിതിവിവര റിപ്പോർട്ടാണിതെന്ന് അത് അവകാശപ്പെടുന്നു. 2025–26 വരെയുള്ള കേരളത്തിന്റെ ധനകാര്യ സ്ഥിതി അവതരിപ്പിക്കൽ, KIIFB-ലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും ഘടനാപരമായ ദൗർബല്യങ്ങൾ കണ്ടെത്തൽ, ബജറ്റ് വിശ്വാസ്യത വിലയിരുത്തൽ, അടുത്ത അഞ്ച് വർഷത്തേക്കുള്ള പരിഷ്കാര ദിശകൾ നിർദ്ദേശിക്കൽ എന്നിവയാണ് റിപ്പോർട്ടിന്റെ നാല് പ്രധാന ലക്ഷ്യങ്ങൾ.

ധനകാര്യ പ്രതിസന്ധി ഗുരുതര

കേരളത്തിന്റെ ധനകാര്യ പ്രതിസന്ധി ഇപ്പോൾ ഘടനാപരവും ഗുരുതരവുമാണെന്നതാണ് റിപ്പോർട്ടിന്റെ കേന്ദ്ര കണ്ടെത്തൽ. ഏകദേശം ₹5.07 ലക്ഷം കോടി രൂപയുടെ മൊത്തം ബാധ്യത, ആകെ വരുമാനത്തിന്റെ 77 ശതമാനത്തോളം വിഴുങ്ങുന്ന പ്രതിബദ്ധ ചെലവുകൾ, വരുമാനത്തിന്റെ 20.9 ശതമാനം വരെ എത്തുന്ന പലിശച്ചെലവ്, ജിഎസ്ഡിപിയുടെ വെറും 1.3 ശതമാനം മാത്രമായ മൂലധന ചെലവ്, ദേശീയ ശരാശരിയേക്കാൾ വളരെ താഴെയുള്ള വികസന ചെലവ് എന്നിവയാണ് റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്ന പ്രധാന സൂചകങ്ങൾ. ലളിതമായി പറഞ്ഞാൽ, കേരള സർക്കാരിന്റെ വരുമാനത്തിന്റെ ഭൂരിഭാഗവും ശമ്പളം, പെൻഷൻ, പലിശ, പഴയ ബാധ്യതകൾ എന്നിവയ്ക്കായി ചെലവാകുന്നു; വികസന നിക്ഷേപങ്ങൾക്ക് വളരെ കുറച്ച് മാത്രം ശേഷിക്കുന്നു.

ട്രഷറി പണമിടപാട് നിയന്ത്രണങ്ങൾ

ട്രഷറി പണമിടപാട് നിയന്ത്രണത്തെക്കുറിച്ചുള്ള നിരീക്ഷണങ്ങളാണ് റിപ്പോർട്ടിന്റെ ഏറ്റവും ശക്തമായ ഭാഗങ്ങളിൽ ഒന്ന്. റിസർവ് ബാങ്കിന്റെ Ways and Means Advances, Overdraft സൗകര്യങ്ങൾ എന്നിവയിൽ കേരളം അമിതമായി ആശ്രയിച്ചിരുന്നുവെന്ന് റിപ്പോർട്ട് പറയുന്നു. 2025-ൽ മാത്രം 262 ദിവസം Ways and

Means Advances-ലും 84 ദിവസം Overdraft-ലുമായിരുന്നു കേരളം. സർക്കാർ പതിവ് ചെലവുകൾ പോലും സമയത്ത് നിർവഹിക്കാൻ ബുദ്ധിമുട്ടിയിരുന്നുവെന്ന് ഇതിലൂടെ വ്യക്തമാകുന്നു.

<u>കുടിശ്ശിക-ബാധ്യതകൾ</u>

പുതിയ സർക്കാർ ഏറ്റെടുത്ത കുടിശ്ശിക ബാധ്യതകൾ ഏകദേശം ₹48,733 കോടി രൂപയാണെന്നും റിപ്പോർട്ട് പറയുന്നു. ഇതിൽ ₹21,670 കോടി ഡി.എ കുടിശ്ശികയും ₹14,387 കോടി പെൻഷൻകാരുടെ Dearness Relief കുടിശ്ശികയും കരാറുകാരോടും ബാങ്കുകളോടുമുള്ള കുടിശ്ശികകളും ഉൾപ്പെടുന്നു. കേരളത്തിന്റെ വാർഷിക ശുദ്ധ കടമെടുപ്പ് ശേഷിയോട് സമാനമായ തുകയാണ് ഇതെന്ന് റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

<u>അതീവ ധനകാര്യ സമ്മർദ്ദത്തിലാണ്</u>

കേരളം ഗുരുതര സാമ്പത്തിക പ്രതിസന്ധിയിലാണോ എന്ന ചോദ്യത്തിന് റിപ്പോർട്ട് നൽകുന്ന മറുപടി സൂക്ഷ്മമാണ്. കേരളം ഒരു പരാജയപ്പെട്ട സമ്പദ്വ്യവസ്ഥയല്ല. മനുഷ്യ വികസന നേട്ടങ്ങളിൽ രാജ്യമെങ്ങും കേരളം ഇന്നും മുന്നിലാണ്. എന്നാൽ സംസ്ഥാന സർക്കാരിന്റെ ധനകാര്യ സംവിധാനം അതീവ സമ്മർദ്ദത്തിലാണ്. ഉയർന്ന കടബാധ്യത, കർശനമായ പ്രതിബദ്ധ ചെലവുകൾ, കുറഞ്ഞ മൂലധന നിക്ഷേപം, ദുർബലമായ വരുമാന വളർച്ച, ഓഫ്-ബജറ്റ് ബാധ്യതകൾ എന്നിവയാണ് പ്രതിസന്ധിയുടെ പ്രധാന കാരണങ്ങൾ. ഘടനാപരമായ പരിഷ്കാരങ്ങൾ നടപ്പാക്കാത്ത പക്ഷം ക്ഷേമച്ചെലവും വികസന ചെലവും ഭാവിയിൽ നിലനിൽക്കാനാവാത്ത അവസ്ഥയിലേക്കെത്തുമെന്നാണ് റിപ്പോർട്ടിന്റെ മുന്നറിയിപ്പ്.

<u>നികുതി പ്രകടനത്തിലെ ദൗർബല്യം</u>

മുൻ എൽ.ഡി.എഫ് സർക്കാരിനെതിരെ റിപ്പോർട്ട് കടുത്ത വിമർശനമാണ് ഉന്നയിക്കുന്നത്. 2016–17 മുതൽ 2025–26 വരെ സ്ഥിരമായ വരുമാന ധനാഭാവം, അമിത കടമെടുപ്പ്, നികുതി പ്രകടനത്തിലെ ദൗർബല്യം, യാഥാർത്ഥ്യവിരുദ്ധ ബജറ്റ് കണക്കുകൾ, KIIFB പോലുള്ള ഓഫ്-ബജറ്റ് സ്ഥാപനങ്ങളിലുള്ള അമിത ആശ്രയം എന്നിവ കേരളത്തിൽ വർധിച്ചതായി റിപ്പോർട്ട് പറയുന്നു. സംസ്ഥാനത്തിന്റെ സ്വന്തം നികുതി വരുമാനം ബജറ്റ് കണക്കുകളേക്കാൾ സ്ഥിരമായി ഏകദേശം 10 ശതമാനം കുറവായിരുന്നുവെന്നും അത് ബജറ്റ് വിശ്വാസ്യതയെ ദുർബലമാക്കിയെന്നും റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

## KIIFB-നെതിരായ വിമർശനങ്ങൾ

KIIFB-നെതിരായ വിമർശനമാണ് റിപ്പോർട്ടിലെ ഏറ്റവും ശക്തമായ ഭാഗം. സാധാരണ ബജറ്റ് നിയന്ത്രണങ്ങൾക്ക് പുറത്തായി അടിസ്ഥാന സൗകര്യ വികസനം ധനസഹായം ചെയ്യാനുള്ള നവീന ശ്രമമായിരുന്നു KIIFB എന്ന് റിപ്പോർട്ട് അംഗീകരിക്കുന്നു. എന്നാൽ KIIFB കടങ്ങൾ യഥാർത്ഥത്തിൽ സംസ്ഥാന സർക്കാരിന്റെ കടങ്ങളായി മാറിയെന്നും, സാധാരണ സർക്കാർ കടമെടുപ്പിനെക്കാൾ 1 മുതൽ 1.5 ശതമാനം വരെ കൂടുതലാണ് KIIFB-യുടെ പലിശ ചെലവെന്നും റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. KIIFB-യ്ക്ക് ഇപ്പോഴും ഏകദേശം ₹21,000 കോടി വായ്പാബാധ്യതയും ₹35,000 കോടി രൂപയുടെ പദ്ധതികൾക്കും ധനസഹായം നൽകാനുള്ള ബാധ്യതയും ബാക്കിയുണ്ടെന്നും റിപ്പോർട്ട് പറയുന്നു. ചില ജില്ലകളിൽ പദ്ധതികൾ അമിതമായി കേന്ദ്രീകരിച്ചതിനെയും KIIFB ഭരണഘടനയിലെ ചില ഭാഗങ്ങളെയും റിപ്പോർട്ട് ചോദ്യം ചെയ്യുന്നു.

## ജനങ്ങൾക്ക് മുന്നിൽ വന്നിരുന്നില്ലെന്ന്

പൊതുജനങ്ങളെ മുൻ സർക്കാർ തെറ്റിദ്ധരിപ്പിച്ചോ എന്ന ചോദ്യത്തിന് റിപ്പോർട്ട് പരോക്ഷമായ മറുപടിയാണ് നൽകുന്നത്. കേരളത്തിന്റെ യഥാർത്ഥ ധനകാര്യ പ്രതിസന്ധി സാധാരണ ബജറ്റ് രേഖകളിലൂടെ പൂർണമായി ജനങ്ങൾക്ക് മുന്നിൽ വന്നിരുന്നില്ലെന്ന് അത് സൂചിപ്പിക്കുന്നു. വലിയ കുടിശ്ശികകൾ, ട്രഷറി പ്രതിസന്ധി, പൊതുമേഖലാ സ്ഥാപനങ്ങളുടെ ബാധ്യതകൾ, KIIFB ബാധ്യതകൾ എന്നിവ സാധാരണ ധനകാര്യ ചർച്ചകളിൽ പൂർണമായി പ്രതിഫലിച്ചിരുന്നില്ല. എന്നാൽ ഇത് “ജനങ്ങളെ വഞ്ചിച്ചു” എന്ന് സാങ്കേതികമായി തെളിയിക്കുന്നില്ല; അത് രാഷ്ട്രീയ വിലയിരുത്തലിന്റെ മേഖലയിലാണ്.

## കേന്ദ്ര ധനസഹായത്തിലെ നിയന്ത്രണങ്ങൾ

റിപ്പോർട്ട് സംസ്ഥാന സർക്കാരിനെ മാത്രം കുറ്റപ്പെടുത്തുന്നില്ല എന്നതും ശ്രദ്ധേയമാണ്. ജിഎസ്ടി നഷ്ടപരിഹാരത്തിന്റെ അവസാനിക്കൽ, Revenue Deficit Grants-ലുള്ള കുറവ്, കേന്ദ്ര ധനസഹായത്തിലെ നിയന്ത്രണങ്ങൾ, കടമെടുപ്പ് പരിധിയിലെ കർശനത എന്നിവ കേരളത്തിന്റെ ധനകാര്യ ശേഷിയെ ദുർബലമാക്കിയതായി റിപ്പോർട്ട് അംഗീകരിക്കുന്നു. 2026–27 ബജറ്റിൽ കേന്ദ്ര ധനസഹായത്തെക്കുറിച്ചുള്ള അതിരുകടന്ന പ്രതീക്ഷകൾ കാരണം ഏകദേശം ₹20,000 കോടി രൂപയുടെ കുറവ് ഉണ്ടാകാമെന്നും റിപ്പോർട്ട് കണക്കാക്കുന്നു.

## രാഷ്ട്രീയ വിവേചനം നടത്തിയെന്ന് റിപ്പോർട്ട് തെളിയിക്കുന്നില്ല

എന്നിരുന്നാലും, കേന്ദ്ര സർക്കാർ കേരളത്തിനെതിരെ മനപ്പൂർവ്വമായ രാഷ്ട്രീയ വിവേചനം നടത്തിയെന്ന് റിപ്പോർട്ട് തെളിയിക്കുന്നില്ല. കേന്ദ്ര-സംസ്ഥാന

ധനകാര്യ ബന്ധം മോശമായതും കേരളത്തിന്റെ സ്വന്തം ഘടനാപരമായ ദൗർബല്യങ്ങളും ഒരുപോലെ പ്രതിസന്ധി സൃഷ്ടിച്ചുവെന്നാണ് റിപ്പോർട്ട് സൂചിപ്പിക്കുന്നത്.

<u>പ്രധാന ശക്തി സമഗ്രത</u>

കടവും ധനാഭാവവും മാത്രം നോക്കാതെ ട്രഷറി പണമൊഴുക്ക്, കുടിശ്ശികകൾ, KIIFB ബാധ്യതകൾ, പൊതുമേഖലാ നഷ്ടങ്ങൾ, SC/ST പദ്ധതിവിഹിതങ്ങൾ, വരുമാന പ്രകടനം തുടങ്ങിയവയും റിപ്പോർട്ട് പരിശോധിക്കുന്നതാണ് അതിന്റെ പ്രധാന ശക്തി. ഇത് കേരളത്തിന്റെ ധനകാര്യ അവസ്ഥയെ കൂടുതൽ സമഗ്രമായി മനസ്സിലാക്കാൻ സഹായിക്കുന്നു.

<u>പരിമിതികൾ</u>

അതേസമയം റിപ്പോർട്ടിന് ചില പരിമിതികളും ഉണ്ട്. ഇത് ഒരു ഫോറൻസിക് ഓഡിറ്റ് അല്ല. പൊതുവായി ലഭ്യമായ ഔദ്യോഗിക കണക്കുകളെ ആശ്രയിച്ചാണ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. രാഷ്ട്രീയ സാഹചര്യങ്ങൾ ചില കണ്ടെത്തലുകളെ സ്വാധീനിച്ചിരിക്കാമെന്ന വിമർശനവും ഉയരാം. കൂടാതെ പരിഷ്കാര നിർദ്ദേശങ്ങൾ വ്യക്തമായ മുൻഗണനക്രമമോ സമയക്രമമോ നടപ്പാക്കൽ തന്ത്രങ്ങളോ ഇല്ലാതെ പൊതുവായ രൂപത്തിലാണ് അവതരിപ്പിച്ചിരിക്കുന്നത്.

<u>അടുത്ത അഞ്ച് വർഷത്തേക്കുള്ള വിഭവ സമാഹരണവും വികസന തന്ത്രങ്ങളും</u>

അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിന്റെ സുസ്ഥിര വികസനത്തിനായി കൂടുതൽ വിഭവങ്ങൾ സമാഹരിക്കേണ്ടതിന്റെ ആവശ്യകതയെ റിപ്പോർട്ട് പ്രത്യേകം എടുത്തുകാട്ടുന്നു. വെറും ചെലവ് ചുരുക്കലിലൂടെ മാത്രം കേരളത്തിന്റെ ധനകാര്യ പ്രതിസന്ധി പരിഹരിക്കാനാവില്ലെന്നും, വളർച്ചയും നിക്ഷേപവുമാണ് ദീർഘകാല പരിഹാരമെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു. അതിനായി സ്വകാര്യ നിക്ഷേപം, സഹകരണ മേഖലാ നിക്ഷേപം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിപണി അധിഷ്ഠിത ധനശേഖരണം, വ്യവസായ സൗഹൃദ അന്തരീക്ഷം, വൈദ്യുതി മേഖലയിലെ സ്വകാര്യ പങ്കാളിത്തം, ഭൂമി-തൊഴിൽ നിയമ പരിഷ്കാരങ്ങൾ, വ്യവസായ അടിസ്ഥാന സൗകര്യ വികസനം എന്നിവയെ പ്രോത്സാഹിപ്പിക്കണമെന്ന് റിപ്പോർട്ട് നിർദ്ദേശിക്കുന്നു. KIIFB-നെ പുനഃസംഘടിപ്പിച്ച് കൂടുതൽ സുതാര്യവും ധനകാര്യ അച്ചടക്കമുള്ളതുമായ സംവിധാനമാക്കണമെന്നും, നഷ്ടത്തിലോടുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ പുനഃസംഘടിപ്പിക്കുകയോ സ്വകാര്യവൽക്കരിക്കുകയോ ചെയ്യണമെന്നും റിപ്പോർട്ട് പറയുന്നു. ഉൽപാദനക്ഷമമായ മേഖലകളിൽ നിക്ഷേപം വർധിപ്പിച്ച് തൊഴിൽ

സൃഷ്ടിക്കുകയും നികുതി വരുമാനം ഉയർത്തുകയും ചെയ്യുക എന്നതാണ് വി.ഡി. സതീശൻ സർക്കാരിന്റെ അടുത്ത അഞ്ച് വർഷത്തെ പ്രധാന ധനകാര്യ ദിശയായാണ് റിപ്പോർട്ട് അവതരിപ്പിക്കുന്നത്.

ഉപസംഹാരം

കേരളത്തിന്റെ ധനകാര്യ ആരോഗ്യ വൈറ്റ് പേപ്പർ ഒരു ഗൗരവമുള്ളതും പ്രാധാന്യമുള്ളതുമായ ധനകാര്യ രേഖയാണ്. കേരളത്തിന്റെ ഘടനാപരമായ ധനകാര്യ പ്രതിസന്ധിയുടെ ആഴം ഇത് വ്യക്തമായി തുറന്നുകാട്ടുന്നു. കടബാധ്യത, കുടിശ്ശികകൾ, ട്രഷറി പ്രതിസന്ധി, KIIFB ബാധ്യതകൾ, പൊതുമേഖലാ നഷ്ടങ്ങൾ, കുറഞ്ഞ വികസന ചെലവ് എന്നിവയെ ഒരൊറ്റ സമഗ്ര വിശകലനത്തിൽ ബന്ധിപ്പിക്കുന്നതിൽ റിപ്പോർട്ട് വിജയിച്ചിട്ടുണ്ട്. കേരളത്തിന്റെ പ്രശ്നങ്ങൾ താൽക്കാലിക കണക്കെടുപ്പ് പിഴവുകൾ അല്ല, മറിച്ച് ദീർഘകാല ഘടനാപരമായ അസന്തുലിതാവസ്ഥകളാണെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു.

കഴിഞ്ഞ ഒരു ദശകത്തിനിടെ ഉയർന്ന കടബാധ്യത, ദുർബലമായ ബജറ്റ് വിശ്വാസ്യത, സ്ഥിരമായ വരുമാന ധനാഭാവം, ഓഫ്-ബജറ്റ് സ്ഥാപനങ്ങളിലുള്ള അമിത ആശ്രയം എന്നിവ വർധിച്ചുവെന്ന് റിപ്പോർട്ട് സ്ഥാപിക്കുന്നു. അതേസമയം, കേന്ദ്ര ധനസഹായത്തിലെ ഇടിവ്, ജിഎസ്ടി നഷ്ടപരിഹാരത്തിന്റെ അവസാനിക്കൽ, കേന്ദ്രത്തിന്റെ കടമെടുപ്പ് നിയന്ത്രണങ്ങൾ എന്നിവയും കേരളത്തിന്റെ പ്രതിസന്ധി രൂക്ഷമാക്കിയെന്ന് റിപ്പോർട്ട് ന്യായമായി അംഗീകരിക്കുന്നു.

ഈ റിപ്പോർട്ടിന്റെ ഏറ്റവും വലിയ സംഭാവന സുതാര്യതയാണ്. ഇതുവരെ പൊതുജനങ്ങൾക്ക് പൂർണമായി ദൃശ്യമായിരുന്നില്ലാത്ത കുടിശ്ശികകളും ട്രഷറി സമ്മർദ്ദങ്ങളും റിപ്പോർട്ട് തുറന്നുപറയുന്നു. ഇത് തന്നെ ഒരു പ്രധാന ജനാധിപത്യ ഇടപെടലാണ്.

എന്നാൽ ഈ വൈറ്റ് പേപ്പർ വെറും രാഷ്ട്രീയ കുറ്റപ്പെടുത്തൽ രേഖയായി ചുരുങ്ങരുത്. അങ്ങനെ സംഭവിച്ചാൽ അതിന്റെ ദീർഘകാല പ്രാധാന്യം കുറഞ്ഞുപോകും. കേരളത്തിന് ഇപ്പോൾ ആവശ്യമുള്ളത് സുതാര്യത, ധനകാര്യ അച്ചടക്കം, ഉൽപാദന നിക്ഷേപം, പൊതുമേഖലാ പരിഷ്കാരം, KIIFB പുനഃസംഘടന, നീതിപൂർണമായ വരുമാന സമാഹരണം, ദുർബല വിഭാഗങ്ങളുടെ സംരക്ഷണം എന്നിവയെ ഏകോപിപ്പിക്കുന്ന ഒരു സർവകക്ഷി ധനകാര്യ പുനരുദ്ധാരണ ദൗത്യമാണ്.

ഈ റിപ്പോർട്ട് നൽകുന്ന ഏറ്റവും വലിയ പാഠം ലളിതമാണ്: കടമെടുപ്പും കുടിശ്ശികകളും ധനകാര്യ അസുതാര്യതയും മാത്രം ആശ്രയിച്ച് കേരളത്തിന്റെ സാമൂഹ്യ നേട്ടങ്ങൾ അനന്തമായി നിലനിൽക്കില്ല. കേരള മോഡലിന്റെ ഭാവി നിലനിൽപ്പ് കൂടുതൽ ഉൽപാദനക്ഷമവും നിക്ഷേപ അധിഷ്ഠിതവും ധനകാര്യ അച്ചടക്കമുള്ളതുമായ സമ്പദ്‌വ്യവസ്ഥ സൃഷ്ടിക്കുന്നതിനെ ആശ്രയിച്ചിരിക്കുന്നു. അങ്ങനെ മാത്രമേ കേരളത്തിന് തന്റെ ക്ഷേമ നേട്ടങ്ങളും വികസന സ്വപ്നങ്ങളും ഭാവിയിലും സംരക്ഷിക്കാനാകൂ.

***********